**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2290** **05-02-2026 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണത്തിനായി വകയിരുത്തിയ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നെല്ല് സംഭരണത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ ഓരോ ബജറ്റിലും വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലവഴിച്ച തുക എത്രയാണെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | നെല്ല് സംഭരണത്തിനായി ഈ സർക്കാരിൻറെ കാലയളവിൽ ഓരോ ബജറ്റിലും വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | നടപ്പ് സാമ്പത്തിക വർഷം നെല്ലിന്റെ സംഭരണത്തിനുള്ള താങ്ങുവിലയിൽ കേന്ദ്രസർക്കാരിന്റെ വിഹിതം എത്ര രൂപയാണ്; എത്ര ശതമാനമാണ്; സംസ്ഥാന സർക്കാരിന്റെ വിഹിതം എത്ര രൂപയാണ്; എത്ര ശതമാനമാണ്; 2015-16 സാമ്പത്തിക വർഷത്തിൽ പ്രസ്തുത വിഹിതം എത്ര ശതമാനം വീതമായിരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) | നെല്ലിന് നൽകുന്ന താങ്ങുവില പ്രഖ്യാപിക്കുന്നത് കേന്ദ്ര സർക്കാരും (Minimum Support Price - MSP) സംസ്ഥാന പ്രോത്സാഹന ബോണസ് (State Incentive Bonus - SIB) പ്രഖ്യാപിക്കുന്നത് സംസ്ഥാന സർക്കാരുമാണ്. ഇത് രണ്ടും ഉൾപ്പെട്ടതാണ് സംഭരണ വില.<br><br>**സംഭരണ വില 2025-26 - സാമ്പത്തിക വർഷം (2025-26 സംഭരണ സീസൺ)**<br><br>കോമൺ ഇനം നെല്ല് - 30.00 രൂപ<br><br>കേന്ദ്ര വിഹിതം കിലോഗ്രാമിന് - 23.69 രൂപ - 78.97%<br><br>സംസ്ഥാന വിഹിതം കിലോഗ്രാമിന് - 6.31 രൂപ - 21.03%<br><br>താങ്ങുവില - ഗ്രേഡ് എ ഇനം നെല്ല് - 30.00 രൂപ<br><br>കേന്ദ്ര വിഹിതം കിലോഗ്രാമിന് - 23.89 രൂപ - 79.63%<br><br>സംസ്ഥാന വിഹിതം കിലോഗ്രാമിന് - 6.11 രൂപ - 20.37%<br><br>**സംഭരണ വില 2015-16 സാമ്പത്തിക വർഷം (2016-17 സംഭരണ സീസൺ )**<br><br>കോമൺ ഇനം നെല്ല് 22.50 രൂപ<br><br>കേന്ദ്ര വിഹിതം കിലോഗ്രാമിന് 14.70 രൂപ - 65.33% |

| | | | |
|---|---|---|---|
| | | | സംസ്ഥാന വിഹിതം കിലോഗ്രാമിന് 7.80 രൂപ - 34.67%<br><br>താങ്ങുവില - ഗ്രേഡ് എ ഇനം നെല്ല് -22.50 രൂപ<br><br>കേന്ദ്ര വിഹിതം കിലോഗ്രാമിന് 15.10 രൂപ - 67.11%<br><br>സംസ്ഥാന വിഹിതം കിലോഗ്രാമിന് 7.40 രൂപ - 32.88% |
| (സി) | മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ നെല്ലിന്റെ താങ്ങുവിലയിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം 2015-16 കാലയളവിലെ 32% ൽ നിന്നും കുറയാൻ ഉണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | നെല്ലിന് നൽകുന്ന താങ്ങുവില പ്രഖ്യാപിക്കുന്നത് കേന്ദ്ര സർക്കാരും (Minimum Support Price - MSP) സംസ്ഥാന പ്രോത്സാഹന ബോണസ് (State Incentive Bonus - SIB) പ്രഖ്യാപിക്കുന്നത് സംസ്ഥാന സർക്കാരുമാണ്. ഇത് രണ്ടും ഉൾപ്പെട്ടതാണ് സംഭരണ വില. കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ താങ്ങുവില (MSP) വർദ്ധിപ്പിക്കുന്നത് അനുസരിച്ച് സംസ്ഥാന സർക്കാർ പ്രോത്സാഹന ബോണസും(SIB) പുതുക്കി നിശ്ചയിച്ച് വരുന്നു. |
| (ഡി) | സംസ്ഥാന സർക്കാരിന്റെ വിഹിതം കുറഞ്ഞത് മൂലം നെൽക്കർഷകർക്ക് ലഭിക്കേണ്ട ഉയർന്ന താങ്ങുവില ഇല്ലാതായതിനാൽ കർഷകർക്കുണ്ടായ നഷ്ടം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ വിഹിതം ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ താങ്ങുവില (MSP) വർദ്ധിപ്പിക്കുന്നത് അനുസരിച്ച് സംസ്ഥാന സർക്കാർ പ്രോത്സാഹന ബോണസും(SIB) പുതുക്കി നിശ്ചയിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| സാമ്പത്തിക വർഷം | വകയിരുത്തിയ തുക (Cr) | അനുവദിച്ച തുക (Cr) | ചെലവഴിച്ച തുക (Cr) |
|---|---|---|---|
| 2021-22 | 525.00 | 759.87 | 654.91 |
| 2022-23 | 577.50 | 274.36 | 685.54 |
| 2023-24 | 577.50 | 575.36 | 501.88 |
| 2024-25 | 577.50 | 577.50 | 395.02 |
| 2025-26 | 606.38 | 530.93 | 213.11 |